അഴിമതി എന്നിവ ഒഴിവാക്കുന്നതിനായി തിരുവനന്തപുരം നഗരസഭയിൽ ഇതിനോടകം തന്നെ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 150 ച.മീറ്റർ വരെ പ്ലിന്ത് ഏരിയായുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾക്ക് അപേക്ഷ സ്ക്രൂട്ടിനി ചെയ്യുന്ന ദിവസം തന്നെ നിയമാനുസൃതമെന്ന് കണ്ടാൽ പെർമിറ്റ് നൽകുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇടനിലക്കാർ മുഖേനയുള്ള അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിന് കെട്ടിട നിർമ്മാണാനുമതി, ഒക്കുപെൻസി സർട്ടിഫിക്കറ്റ് എന്നിവ തപാൽ മുഖേന അപേക്ഷകർക്ക് അയച്ചുകൊടുക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി&സി) ഗ്രാമപഞ്ചായത്തുകൾക്കായുള്ള കെട്ടിടനിർമ്മാണ ചട്ടം തയ്യാറാക്കുന്ന നടപടി അവസാനഘട്ടത്തിലാണ്. അത് പ്രാബല്യത്തിൽ വരുന്ന മുറയ്ക്ക് കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഗ്രാമപഞ്ചായത്തുകൾക്ക് ബാധകമല്ലാതാകുന്നതാണ്.

**കെട്ടിട നികുതി പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ**

139(347) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏറ്റവും പുതിയ കണക്കനുസരിച്ച് ആലപ്പുഴ നഗരത്തിൽ എത്ര വീടുകൾ, വാണിജ്യ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ തുടങ്ങിയ കെട്ടിടങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവയുടെ നികുതിയിനത്തിൽ നഗരസഭയ്ക്ക് എന്ത് വരുമാനം പ്രതിവർഷം ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ :

(സി) കെട്ടിട നികുതി പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് ?

ഉത്തരം

(എ) നഗരത്തിലെ വീടുകളുടെ എണ്ണം : 41986

വാണിജ്യ സ്ഥാപനങ്ങൾ : 12246

ആരാധനാലയങ്ങൾ

| | |
|---|---|
| ഹൈന്ദവ ക്ഷേത്രങ്ങൾ | - 51 |
| ജൈന ക്ഷേത്രങ്ങൾ | - 2 |
| ക്രിസ്ത്യൻ ചർച്ച് | - 43 |
| മുസ്ലീം പള്ളി | - 52 |
| ആകെ | 148 |

(ബി) 2009-10 : 1,89,06,223

2010-11 : 1,45,69,885 (31-1-2011 വരെ)

LIBRARY ARCHIVES Kerala Legislative Assembly

(സി) നികുതി നിർണ്ണയ വേളയിൽ സ്പെഷ്യൽ നോട്ടീസ് നൽകിയും തുടർന്ന് നികുതി അടയ്ക്കാത്തവർക്ക് ഡിമാന്റ് നോട്ടീസുകൾ നൽകിയുമാണ് നികുതി പിരിച്ചെടുക്കുന്നത്. കൂടാതെ 2-2-2011-ലെ സ.ഉ. (സാധാ) 357/2011/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം 15-3-2011-ന് മുമ്പായി ഒറ്റത്തവണയായി നികുതി കുടിശ്ശിക ഒടുക്കുന്നവരെ പിഴപ്പലിശയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്.

**ഇ.എം.എസ്. ഭവന പദ്ധതിയുടെ ഗുണഭോക്താക്കൾ**

140(348) ശ്രീ. എൻ. ശക്തൻ :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ. എം. എസ്. ഭവന പദ്ധതിയിലേക്ക് സംസ്ഥാനത്തൊട്ടാകെ ഇതുവരെ എത്ര ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുത്തത് ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) ഗുണഭോക്താക്കളുമായി കരാർ വയ്ക്കണമെന്നതിന്റെ അടിസ്ഥാനത്തിൽ എത്രപേരുമായി കരാർ വയ്ക്കുകയുണ്ടായെന്ന് വ്യക്തമാക്കുമോ ;

(സി) കരാർ വച്ച എത്രപേർക്ക് ഒന്നാം ഗഡു അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) പദ്ധതിയുടെ ഇതുവരെയുള്ള പ്രവർത്തനത്തിൽ എത്ര വീടുകൾ പൂർണ്ണമായി പൂർത്തീകരിക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഇ) പദ്ധതിക്ക് അർഹരായവരുടെ അന്തിമ പട്ടിക തയ്യാറാക്കിയോ ; എങ്കിൽ അത് ഓരോ ജില്ലയിലും എത്രവീതം എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

| ജില്ല | ഗ്രാമപഞ്ചായത്ത് | നഗരസഭ |
|---|---|---|
| (1) | (2) | (3) |
| തിരുവനന്തപുരം | 37492 | 12692 |
| കൊല്ലം | 52593 | 15482 |
| ആലപ്പുഴ | 46274 | 3983 |
| പത്തനംതിട്ട | 18674 | 1474 |
| കോട്ടയം | 24748 | 1313 |
| ഇടുക്കി | 49257 | 551 |
| എറണാകുളം | 50732 | 3639 |

LIBRARY ARCHIVES Kerala Legislative Assembly